# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 480

01-07-2013 ൽ മറുപടിക്ക്

## എക്സൈസ് സേനയിൽ വയർലെസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ.റ്റി.എൻ.പ്രതാപൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയിൽ വയർലെസ് സംവിധാനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) ഉണ്ട്. എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം നടപ്പാക്കുന്നതിന്റെ ചുമതല, ഈ വിഷയത്തിലെ പരിചയ സമ്പന്നത കണക്കിലെടുത്ത്, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്, 24-06-2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം 486/2013/റ്റി.ഡി. പ്രകാരം, പദ്ധതിയിനത്തിൽപ്പെടുത്തി 110 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ പത്ത് ജില്ലകളാണ് ടി സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) നടപ്പുസാമ്പത്തികവർഷം എന്ത് തുക ഇതിനായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) നടപ്പുസാമ്പത്തികവർഷം, 110 ലക്ഷം രൂപ പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുണ്ട്. |
| സി) എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി എക്സൈസ് സേനയിൽ ആധുനിക വയർലെസ് സംവിധാനം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം നടപ്പാക്കുന്നതിലേയ്ക്കായി, 24-06-2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം 486/2013/റ്റി.ഡി. പ്രകാരം, പദ്ധതിയിനത്തിൽപ്പെടുത്തി, 110 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ